**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 668** **02-02-2023 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (എ) | കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് 2016-2017 മുതൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. കൈത്തറി മേഖലയിലേക്ക് കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിനും, നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ് പ്രദാനം ചെയ്യുന്നതിനും പ്രതിവർഷം 250-ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കുന്നുണ്ട്.<br><br>സംസ്ഥാനത്തിനകത്ത് കൈത്തറി തുണി ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘ ങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകി വരുന്നുണ്ട്. (വിവിധ ഉത്സവകാല യളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്ക് 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേയ്ക്ക് 15 ദിവസത്തേയ്ക്ക് 30% റിബേറ്റുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്). കൈത്തറി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നതു വഴി വിപണന സാധ്യത കൂട്ടുന്നതിനും അങ്ങനെ കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപന ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു.<br><br>**കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന മറ്റു പ്രധാന പദ്ധതികൾ താഴെപ്പറയുന്നു**<br><br>**1) മൂലധന സഹായ പദ്ധതികൾ** |

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം

**2) പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ**

i)പ്രൊഡക്ഷൻ ഇൻസെന്റീവ് - കൈ ത്തറി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമായുള്ള പ്രചോദന/പ്രോത്സാഹന പരിപാടി.

ii)നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി

iii) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജ്ജിൻ മണി വായ്പ

iv)കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ

v) തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് മേഖലയിലേക്ക് ആകർഷിക്കുവാനായുള്ള യുവവീവ് പദ്ധതി

vi)നെയ്ത്ത് തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി

vii) കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ.

**3) പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ**

i) കൈത്തറി സഹകരണ സംഘങ്ങളുടെ ഉൽപ്പാദനരീതികളുടെ നവീകരണവും, ഉൽപ്പാദന വൈവിധ്യത്തിനുമായി ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനവും പദ്ധതി

ii) പരിശീലന വൈവിധ്യശേഷി വികസന പരിപാടി

iii) വിപണനം/കയറ്റുമതി പ്രോത്സാഹന പദ്ധതി

iv) മഹാത്മാഗന്ധി ബങ്കർ ബീമ യോജന ഇൻഷ്വറൻസ് പദ്ധതി

കൂടാതെ, സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ഉൽപ്പാദനരീതികളുടെ നവീകരണവും ഉൽപ്പാദന വൈ വിധ്യത്തിനുമായി ആധുനികവൽക്കരണ വും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനവും

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ ചുവടെ ചേർക്കുന്ന 6 ഘടകങ്ങൾക്കായി ഫണ്ട് അനുവദിച്ചു വരുന്നു.<br><br>1) വർക്ക് ഷെഡ് നവീകരണം.<br>2) വ്യക്തിഗത വർക്ക്ഷെഡ് നവീകരണം.<br>3) ഡൈഹൗസ് റിപ്പയറിംഗ്.<br>4) ഒരു വീട്ടിൽ ഒരു തറി.<br>5) ടെക്നോളജി അപ്ഗ്രഡേഷൻ ആൻറ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി<br>6) തറി/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ/ഭാഗിക അറ്റകുറ്റപ്പണികൾ.<br><br>കൈത്തറി മേഖലയിലെ അസംസ്കൃത വസ്തുക്കളായ, നൂൽ, ചായം, രാസവസ്തുക്കൾ എന്നിവ കൈത്തറി സംഘങ്ങൾക്ക് യാൺ ബാങ്കുകൾ വഴി സബ്സിഡി നിരക്കിൽ ഈ പദ്ധതി പ്രകാരം ലഭ്യമ ക്കുന്നു.<br><br>സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ പഠനം നടത്തി ആയതിന് പരിഹാരം കണ്ടെത്തി ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അഞ്ചംഗ വിദഗ്ധസമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ